# കേരളാ പോളിടെക്നിക് കോളേജ് കലോത്സവം
## ഗ്രേഡിങ്ങും ഗ്രേസ് മാർക്കുകളും

മത്സര ഫലങ്ങളെ മാർക്കിന്റെ അടിസ്ഥാനത്തിൽ A,B,C എന്നീ 3 ഗ്രേഡുകളായി തിരിച്ചിട്ടുണ്ട്. മത്സരങ്ങളിൽ 50% ത്തിൽ താഴെ മാർക്കു ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡു ചെയ്യുന്നതല്ല.

ഓരോ ഗ്രേഡിനും താഴെ കാണുന്നവിധം പോയിന്റ് ലഭിക്കും.

| ഗ്രേഡ് | മാർക്ക്(ശതമാനം) | ലഭിക്കുന്ന പോയിൻറ് (സിംഗിൾ) | ലഭിക്കുന്ന പോയിന്റ് (ഗ്രൂപ്പ്) |
|---|---|---|---|
| എ | 70% മോ അതിലധികമോ | 5 | 10 |
| ബി | 60% മുതൽ 69% വരെ | 3 | 6 |
| സി | 50% മുതൽ 59% വരെ | 1 | 2 |

കോളേജുതലത്തിൽ 'എ' ഗ്രേഡ് ലഭിച്ച ടോപ്പ് സ്കോർ നേടിയ ഒരു വ്യക്തിഗത ഇനം/ഗ്രൂപ്പ് മാത്രമേ സംസ്ഥാനതലത്തിൽ മത്സരിക്കാൻ കഴിയുകയുള്ളു.

സംസ്ഥാന കലോത്സവത്തിൽ ലഭിക്കുന്ന എ ഗ്രേഡ്, ബി ഗ്രേഡ്, സി ഗ്രേഡ് എന്നിവയ്ക്ക് ആ വർഷത്തെ സെമസ്റ്റർ പരീക്ഷകളുടെ പരമാവധി മാർക്കിന്റെ 5%, 3%, 2% എന്നിങ്ങനെ സെമസ്റ്റർ പരീക്ഷകൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതാണ്. ഒന്നിൽ കൂടുതൽ ഇനങ്ങളിൽ എ/ബി/സി ഗ്രേഡുകൾ ലഭിക്കുകയാണെങ്കിൽ വിദ്യാർത്ഥിക്ക് ഏറ്റവും പ്രയോജനം ചെയ്യുന്ന ഒരു ഗ്രേഡു മാത്രമേ ഗ്രേസ് മാർക്കിനുപരിഗണിക്കുകയുള്ളൂ.